# വിലയിരുത്തൽ ഫോം: നേത്രാരോഗ്യവും കാഴ്ചയും

TAP

## 1. വ്യക്തിവിവരം

| | | | | | |
|---|---|---|---|---|---|
| പേര്: | | കുടുംബപ്പേര്: | | ലിംഗം: | ആൺ ☐ പെൺ ☐ |
| വയസ്സ്: | 0-5 ☐ 6-18 ☐ 19-39 ☐ 40-54 ☐ 55+ ☐ | | | ടെലഫോൺ നം:: | |
| വിലാസം: | | | | | |

## 2. ലളിതമായ നേത്രാരോഗ്യ പരിശോധന

| | | |
|---|---|---|
| **ടോർച്ച് ഉപയോഗിച്ച് ഓരോ കണ്ണും സൂക്ഷ്മമായി നിരീക്ഷിക്കുക** | | |
| രണ്ട് കണ്ണുകളും സ്വാഭാവികമായി (ആരോഗ്യത്തോടെ) കാണപ്പെടുന്നുണ്ടോ? | അതെ ☐ അല്ല ☐ → | ☞ ഒരു നേത്രാരോഗ്യ വിദഗ്ദ്ധന് റഫർ ചെയ്യുക |
| **ഇനിപ്പറയുന്നവ ചോദിക്കുക** | | |
| നിങ്ങൾക്ക് പ്രമേഹമുണ്ടോ? | അതെ ☐ അല്ല ☐ | രണ്ട് ചോദ്യങ്ങൾക്കും അതെ എന്നാണ് ഉത്തരമെങ്കിൽ, ☞ ഒരു നേത്രാരോഗ്യ വിദഗ്ദ്ധന് റഫർ ചെയ്യുക |
| കണ്ണിൽ ഏതെങ്കിലും തരത്തിലുള്ള വേദനയോ അസ്വസ്ഥതകളോ അനുഭവപ്പെടുന്നുണ്ടോ? | അതെ ☐ അല്ല ☐ | |

## 3. ലളിതമായ കാഴ്ച്ചാ പരിശോധനകൾ

| | | |
|---|---|---|
| **വ്യക്തി ഒരു നേത്രപരിശോധകനാലോ / പരിശീലനം ലഭിച്ച കണ്ണട ദാതാവിനാലോ നിർദ്ദേശിക്കപ്പെട്ട കണ്ണടകളാണോ ധരിച്ചിരിക്കുന്നതെന്ന് പരിശോധിക്കുക** | | |
| നിങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട കണ്ണടകളാണോ ധരിച്ചിരിക്കുന്നത്? | അതെ ☐ അല്ല ☐ | |
| **അതെ എങ്കിൽ,** ഈ കണ്ണടകൾ: | ദൂരക്കാഴ്ചയ്ക്ക് വേണ്ടി ☐ → | ലളിതമായ ദൂരക്കാഴ്ചാ പരിശോധനയ്ക്കായി ധരിക്കുക |
| | സമീപക്കാഴ്ചയ്ക്ക് വേണ്ടി ☐ → | ലളിതമായ സമീപക്കാഴ്ചാ പരിശോധനയ്ക്കായി ധരിക്കുക |
| | ഉറപ്പില്ല ☐ → | പരിശോധനാ സമയങ്ങളിൽ ധരിക്കരുത് |

| | | |
|---|---|---|
| **ലളിതമായ ദൂരക്കാഴ്ചാ പരിശോധന നടത്തുക** | | |
| **ദൂരം**: 3 മീ<br>**നിർദ്ദേശങ്ങൾ**: വലിയ E യിൽ തുടങ്ങുക, ഒരു സമയത്ത് ഒരു കണ്ണ് മാത്രം പരിശോധിക്കുക.<br> | *വലത് കണ്ണിന് വ്യക്തമായി കാണാൻ കഴിയുന്ന ഏറ്റവും ചെറിയ E അടയാളപ്പെടുത്തുക തുടർന്ന് ഇടത് കണ്ണ്* | |
| | ചെറിയ E L ☐ R ☐ | ദൂരക്കാഴ്ച സാധാരണ നിലയിലാണ് |
| | ഇടത്തരം E L ☐ R ☐ | ഈ വ്യക്തിയ്ക്ക് കുറിപ്പടി കണ്ണടകൾ ആവശ്യമായി വന്നേക്കാം<br>☞ ഒരു നേത്രാരോഗ്യ വിദഗ്ദ്ധന് റഫർ ചെയ്യുക |
| | വലിയ E L ☐ R ☐ | |
| | വലിയ E കാണുന്നില്ല L ☐ R ☐ | ഈ വ്യക്തിയ്ക്ക് കാഴ്ചാക്കുറവിനായുള്ള സഹായക ഉൽപ്പന്നങ്ങളിൽ നിന്ന് പ്രയോജനം ലഭിച്ചേക്കാം<br>☞ ഒരു നേത്രാരോഗ്യ വിദഗ്ദ്ധന് റഫർ ചെയ്യുക<br>→ ഒരു നേത്രാരോഗ്യ വിദഗ്ദ്ധന്റെ വിലയിരുത്തൽ പ്രക്രിയയ്ക്ക് ശേഷമാണ് കാഴ്ചാ സഹായക ഉത്പന്ന വിലയിരുത്തൽ പ്രക്രിയ |

| | | | |
|---|---|---|---|
| **ലളിതമായ സമീപക്കാഴ്ചാ പരിശോധന നടത്തുക** | | | |
| **ദൂരം**: 40 സെ. മീ (അല്ലെങ്കിൽ വ്യക്തിയ്ക്ക് സൗകര്യപ്രദമായ അകലത്തിൽ)<br>**നിർദ്ദേശങ്ങൾ**: രണ്ട് കണ്ണുകളും ഒരേ സമയത്ത് പരിശോധിക്കുക (രണ്ട് കണ്ണുകളും തുറക്കുക) | E കൾ കാണാൻ കഴിയുന്നുണ്ട് ☐ | സമീപക്കാഴ്ച സാധാരണ നിലയിലാണ്. | |
| | E കൾ കാണാൻ കഴിയുന്നില്ല ☐ | വ്യക്തിയ്ക്ക് പ്രായം **40 ഓ അതിൽ കൂടുതലോ**, **ദൂരക്കാഴ്ച സാധാരണമോ** ആണെങ്കിൽ → | വായനാ കണ്ണടകൾക്കായുള്ള വിലയിരുത്തൽ പ്രക്രിയ |
| | | വ്യക്തിയ്ക്ക് **പ്രായം 35 ൽ താഴെ**യാണെങ്കിൽ ☞ | നേത്രാരോഗ്യ പരിശോധനയ്ക്ക് റഫർ ചെയ്യുക |

## 4. വ്യക്തിയുമായി ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്യുക

| | | | |
|---|---|---|---|
| റഫർ: | ആരോഗ്യ വിദഗ്ദ്ധന് ☐ | വിലയിരുത്തുക: | വായനാ കണ്ണടകൾ ☐ |
| | നേത്രാരോഗ്യ വിദഗ്ദ്ധന് ☐ | | കാഴ്ചാ സഹായക ഉൽപ്പന്നങ്ങൾ (നേത്രാരോഗ്യ വിദഗ്ദ്ധന്റെ വിലയിരുത്തൽ പ്രക്രിയയ്ക്ക് ശേഷം) ☐ |
| | മറ്റുള്ളവ: ✎ | നടപടി ആവശ്യമില്ല ☐ | |

☞ റഫറൽ ശുപാർശകൾ ✎ കുറിപ്പുകൾ ഇവിടെ എഴുതുക

# അധിക വിവരങ്ങൾ: നേത്രാരോഗ്യവും കാഴ്ചാ സ്ക്രീനിംഗും

TAP

| ലളിതമായ ദൂരക്കാഴ്ചാ പരിശോധന എങ്ങനെ നടത്താം | |
|---|---|
|  | • പരിശോധനാ ദൂരം: 3 മീറ്റർ<br>• ഒരു സമയം ഒരു കണ്ണ് മാത്രം പരിശോധിക്കുക, മറ്റേ കണ്ണ് കൈപ്പത്തി കൊണ്ട് മെല്ലെ മറയ്ക്കുക.<br>• ഇടത് കണ്ണ് പരിശോധിക്കുന്നതിന് മുൻപ് വലത് കണ്ണ് പരിശോധിക്കുക.<br>• വലിയ E യിൽ തുടങ്ങുക, പിന്നീട് ഓരോ വരിയും പരിശോധിക്കുക.<br>• E കൾ വ്യക്തമായി കാണാൻ കഴിയുന്നുണ്ടെങ്കിൽ വ്യക്തി ഓരോ വരിയിലും 'വിജയിക്കും'<br>• വ്യക്തിയ്ക്ക് ഓരോ കണ്ണുകൾ കൊണ്ടും കാണാൻ കഴിയുന്ന ഏറ്റവും ചെറിയ E യുടെ വരി ഏതെന്ന് രേഖപ്പെടുത്തുക. |

| ലളിതമായ സമീപക്കാഴ്ചാ പരിശോധന എങ്ങനെ നടത്താം | |
|---|---|
|  | • പരിശോധനാ ദൂരം: 40 സെ. മീ. അല്ലെങ്കിൽ വ്യക്തിയ്ക്ക് സൗകര്യപ്രദമായ അകലത്തിൽ.<br>• രണ്ട് കണ്ണുകളും ഒരേ സമയം പരിശോധിക്കുക (രണ്ട് കണ്ണുകളും തുറക്കുക).<br>• വ്യക്തിയോട് E - ചാർട്ട് മുന്നിലായി പിടിക്കുവാൻ പറയുക. അവർക്ക് അത് എളുപ്പത്തിൽ പിടിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾ അവർക്കായി ഇത് പിടിച്ച് കൊടുക്കണം.<br>• ചാർട്ടിന്റെ താഴെയുള്ള 5 E കളുടെ വരി പരിശോധിക്കുക.<br>• സമീപക്കാഴ്ചയിൽ അഞ്ചിൽ നാല് E കൾ വ്യക്തമായി കാണാൻ കഴിയുന്നുണ്ടെങ്കിൽ ആ വ്യക്തി 'വിജയിക്കും'<br>• സമീപക്കാഴ്ചയിൽ അഞ്ചിൽ നാല് E കൾ വ്യക്തിയ്ക്ക് കാണുവാൻ കഴിയുന്നുണ്ടോ ഇല്ലയോ എന്നത് രേഖപ്പെടുത്തുക. |

| ആരോഗ്യക്കുറവുള്ള കണ്ണിന്റെ ലക്ഷണങ്ങൾ | |
|---|---|
| **നിങ്ങൾ കാണുന്നത് എന്തെല്ലാം** | • ചുവപ്പ് അല്ലെങ്കിൽ നീര്<br>• കണ്ണിലോ കണ്ണിന് സമീപത്തോ കുരുക്കൾ, മുഴകൾ അല്ലെങ്കിൽ രോഗത്തിന് കാരണമായേക്കാവുന്ന തരം വളർച്ചകൾ<br>• കണ്ണിൽ നിന്ന് സ്രവം വരുക<br>• കണ്ണിന്റെ മധ്യഭാഗം (കൃഷ്ണമണി) വെളുത്തതോ മൂടപ്പെട്ടതോ (തിമിരത്തിന്റെ ലക്ഷണങ്ങൾ)<br>• കൃഷ്ണമണി വെളിച്ചത്തോട് പ്രതികരിക്കുന്നില്ല<br>• പെട്ടെന്നും വേഗത്തിലുമുള്ള നേത്ര ചലനങ്ങൾ |
| **ആളുകൾ പറയുന്നത് എന്തെല്ലാം** | • ഏതാനും മണിക്കൂറുകൾ നീണ്ട് നിന്ന പെട്ടെന്നുള്ള മോശമായ തലവേദന<br>• കണ്ണുകളിൽ വേദനയും അസ്വസ്ഥതയും ഉണ്ട് (ഉദാഹരണമായി, ചൊറിച്ചിൽ, കണ്ണിൽ നിന്ന് സ്രവം വരുക, വരൾച്ച) |
| **നിങ്ങൾ ചെയ്യേണ്ടത് എന്തെല്ലാം** | • ഒരു നേത്രാരോഗ്യ വിദഗ്ദ്ധന്റെ അടുക്കലേക്ക് റഫർ ചെയ്യുക.<br>• കാഴ്ചാ പരിശോധനകൾ നടത്തുക, പൂർണ്ണമായ ഫോമിന്റെ ഒരു പകർപ്പുമായി വ്യക്തിയെ നേത്രാരോഗ്യ വിദഗ്ദ്ധന്റെ അടുക്കലേയ്ക്ക് അയക്കുക. |

| വ്യക്തിയ്ക്ക് കണ്ണടകളുണ്ടെങ്കിൽ ചെയ്യേണ്ടത് എന്തെല്ലാം? | |
|---|---|
| **കണ്ടുപിടിക്കുക** | • ആ കണ്ണടകൾ അവർക്കായി നിർദ്ദേശിക്കപ്പെട്ടവയാണോ? നിർദ്ദേശിക്കപ്പെട്ടവയെന്നാൽ, ഒരു കാഴ്ചാ പരിശോധനയ്ക്ക് ശേഷം, അവർക്കായി മാത്രം തിരഞ്ഞെടുക്കപ്പെട്ട അല്ലെങ്കിൽ നിർമ്മിക്കപ്പെട്ട കണ്ണടകൾ. ഈ പരിശോധന നടത്തേണ്ടത് പരിശീലനം സിദ്ധിച്ച ഒരു നേത്രാരോഗ്യ വിദഗ്ദ്ധനാകണം.<br>• ഈ കണ്ണടകൾ ദൂരെ നിന്നോ, അടുത്ത് നിന്നോ (സമീപം) അല്ലെങ്കിൽ രണ്ട് സാഹചര്യങ്ങൾക്കും കൂടിയുള്ള കാഴ്ചയ്ക്കാണോ നൽകിയിരിക്കുന്നത്? |

| | | |
|---|---|---|
| **പരിശോധനാ സമയത്ത് അവർ കണ്ണടകൾ ധരിക്കേണ്ടതുണ്ടോ ?** | ഉണ്ട് | • **ദൂരക്കാഴ്ചയ്ക്കായി കണ്ണടകൾ നിർദേശിച്ചിട്ടുണ്ടെങ്കിൽ**, ലളിതമായ ദൂരക്കാഴ്ച്ചാ പരിശോധനാ സമയത്ത് ഇവ ധരിക്കേണ്ടതാണ്<br>• **സമീപക്കാഴ്ചയ്ക്കായി കണ്ണടകൾ നിർദേശിച്ചിട്ടുണ്ടെങ്കിൽ**, ലളിതമായ സമീപക്കാഴ്ച്ചാ പരിശോധനാ സമയത്ത് ഇവ ധരിക്കേണ്ടതാണ്<br>• ദൂരക്കാഴ്ചയ്ക്കും സമീപക്കാഴ്ചയ്ക്കും **രണ്ടിനുമായും കണ്ണടകൾ നിർദേശിച്ചിട്ടുണ്ടെങ്കിൽ**, ദൂരക്കാഴ്ച്ചാ പരിശോധനാ സമയത്തും സമീപക്കാഴ്ച്ചാ പരിശോധനാ സമയത്തും ഇവ ധരിക്കേണ്ടതാണ്. |
| | ഇല്ല | • അവർക്കായി കണ്ണടകൾ നിർദേശിച്ചിട്ടില്ലെങ്കിൽ, അവരുടേതല്ലെങ്കിൽ, അല്ലെങ്കിൽ അവ എന്തിനു വേണ്ടിയുള്ളവയാണെന്ന് ഉറപ്പില്ലെങ്കിൽ - പരിശോധനാ സമയത്ത് ഇവ ധരിക്കരുത്. |